**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 72** **05-12-2022 - ൽ മറുപടിയ്ക്ക്**

**പ്രവാസി ഡിവിഡന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2022 നവംബർ മാസം വരെയുള്ള കണക്കുകൾ പ്രകാരം പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ 2018 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ടി പദ്ധതിയിൽ നാളിതുവരെ 310,87,00,000/- (മുന്നൂറ്റിപത്ത് കോടി എൺപത്തി ഏഴ് ലക്ഷം രൂപ മാത്രം) രൂപ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര തുക നിക്ഷേപമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 2022 നവംബർ മാസം വരെയുള്ള കണക്കുകൾ പ്രകാരം പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ 2018 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ടി പദ്ധതിയിൽ നാളിതുവരെ 310,87,00,000/- (മുന്നൂറ്റിപത്ത് കോടി എൺപത്തി ഏഴ് ലക്ഷം രൂപ മാത്രം) രൂപ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയിൽ നിന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്നും പദ്ധതിയിൽ അംഗങ്ങളാകുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ? | (സി) | പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ച ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിത പങ്കാളിക്കും ആജീവനാന്തം പ്രതിമാസ സുരക്ഷിത വരുമാനം ഉറപ്പ് നൽകുന്ന പദ്ധതിയാണ് ഇത്. പ്രവാസി കേരളീയർക്ക് 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്ന ഈ പദ്ധതിയിൽ നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസം ആജീവനാന്തം ലഭ്യമാക്കുന്നു. ആദ്യ 3 വർഷങ്ങളിലെ ഡിവിഡന്റ്, നിക്ഷേപ തുകയോടൊപ്പം കൂട്ടി ചേർത്ത തുകയ്ക്കാണ് ഇപ്രകാരം ഡിവിഡന്റ് നൽകുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിത പങ്കാളിക്ക് ജീവിതാന്ത്യം വരെ ഡിവിഡന്റ് ലഭ്യമാകും. അതിനുശേഷം നോമിനിക്ക് ആദ്യ 3 വർഷത്തെ |

| | | | |
|---|---|---|---|
| | | | ഡിവിഡന്റ് സഹിതം നിക്ഷേപ തുക തിരികെ നൽകുന്നതാണ്. പ്രവാസികൾക്ക് സാമ്പത്തിക സുരക്ഷയോടൊപ്പം സാമൂഹ്യപരിരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയാണ് ഇത്. ലോകത്തിന്റെ ഏതു ഭാഗത്തു നിന്നും അർഹരായ പ്രവാസി കേരളീയർക്ക് ടി പദ്ധതിയിൽ ഓൺലൈനായി അംഗത്വമെടുത്ത് നിക്ഷേപം നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം താഴെപ്പറയുന്നവർക്ക് ഈ പദ്ധതിയനുസരിച്ച് നിക്ഷേപം നടത്താവുന്നതാണ്.

1. **പ്രവാസി കേരളീയൻ (വിദേശം)** - നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന കേരളീയർ.

2. **മുൻ പ്രവാസി കേരളീയൻ (വിദേശം)** - രണ്ട് വർഷത്തിൽ കുറയാത്ത കാലയളവിൽ വിദേശത്ത് ജോലി ചെയ്ത ശേഷം കേരളത്തിൽ സ്ഥിരതാമസമാക്കിയ കേരളീയർ

3. **പ്രവാസി കേരളീയൻ (ഭാരതം)** - കേരളത്തിന് പുറത്ത് ഇന്ത്യയ്ക്കകത്ത് ആറുമാസത്തിലധികമായി ജോലി സംബന്ധമായി താമസിച്ചുവരുന്ന കേരളീയർ.

## പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ അംഗമാകേണ്ട/നിക്ഷേപിക്കേണ്ട വിധം

| | |
|---|---|
| Step -1 | www.pravasikerala.org എന്ന വെബ്സൈറ്റിൽ login ചെയ്യുക |
| Step -2 | Dividend Scheme ൽ ക്ലിക്ക് ചെയ്യുക |
| Step -3 | "New user click here" – ൽ ക്ലിക്ക് ചെയ്ത് Dividend Scheme Terms & Conditions അംഗീകരിക്കുന്ന പക്ഷം "I hereby declare....... എന്ന സ്ഥലത്ത് ക്ലിക്ക് ചെയ്തശേഷം "Submit" ബട്ടൺ ക്ലിക്ക് ചെയ്യുക. |
| Step -4 | E-mail ID യും മൊബൈൽ നമ്പരും enter ചെയ്തതിനുശേഷം സ്ക്രീനിൽ കാണുന്ന "Captcha" അതുപോലെ തന്നെ കോളത്തിൽ ടൈപ്പ് ചെയ്തശേഷം "Confirm" ബട്ടൺ ക്ലിക്ക് ചെയ്യുക. |
| Step -5 | തന്നിരിക്കുന്ന E-mail ID യിലേക്ക് ബോർഡിൽ നിന്നും ഒരു മെയിൽ അയച്ചിരിക്കുന്നു. ഇതിൽ തന്നിരിക്കുന്ന Website Link ഉപയോഗിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്. |
| Step -6 | അപേക്ഷയിൽ Basic details, Address details, Account details, Spouse details, Nominee details എന്നിവ പൂർണ്ണമായും പൂരിപ്പിച്ച് അപേക്ഷ Save & Submit ചെയ്യാവുന്നതാണ്. |
| Step -7 | ബോർഡിൽ ലഭിച്ച അപേക്ഷകൾ നിലവിലെ വ്യവസ്ഥകൾ പ്രകാരം അർഹത പരിശോധിച്ച് അംഗീകാരം നൽകുന്ന മുറയ്ക്ക് വീണ്ടും Login ചെയ്ത് അപേക്ഷയിലെ Payment details പൂർണ്ണമായും പൂരിപ്പിച്ച് സമർപ്പിക്കാവുന്നതാണ്.<br><br>Cheque/ DD മുഖാന്തിരമാണ് നിക്ഷേപം നടത്തുന്നതെങ്കിൽ പ്രസ്തുത Cheque/ DD യോടൊപ്പം Computer Generated Payment Voucher ഉള്ളടക്കം ചെയ്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്റ്റേർഡ് തപാലിൽ അയയ്ക്കേണ്ടതാണ്.<br><br>The Chief Executive Officer<br><br>Kerala Non-Resident Keralites' Welfare Board,<br><br>Norka Centre, IInd Floor, Thycaud P.O,<br><br>Thiruvananthapuram – 695014<br><br>Note: Online Payment ന് ഇത് ബാധകമല്ല. |
| മേൽപ്പറഞ്ഞ ഓരോ ഘട്ടത്തിലും തുടർന്ന് Cheque/ DD ബോർഡിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്ന മുറയ്ക്കും ഇത് സംബന്ധിച്ച മെയിൽ സന്ദേശം ലഭിക്കുന്നതാണ്. | |